പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1382 03/12/2018 മറുപടിയ്ക്ക്

## എസ്.എസ്.എൽ.സി.ബുക്കിലെ പേരുമാറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ. പി | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മതം മാറ്റമോ മറ്റുകാരണങ്ങളാലോ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് പേരിൽ മാറ്റം വരുത്തിയവർക്ക് പഴയ പേരിൽ ലഭിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്കിലെ പേര് മാറ്റി പുതിയ പേരിൽ എസ്.എസ്.എൽ.സി.ബുക്ക് ലഭിക്കുന്നതിന് സാദ്ധ്യമാണോ; | (എ) യും (ബി) യും | പേര്, ജാതി, മതം എപ്പോൾ വേണമെങ്കിലും മാറ്റി സ്വീകരിക്കുവാൻ വ്യവസ്ഥയുള്ളതുകൊണ്ട് ഒരിക്കൽ നൽകിയ സർട്ടിഫിക്കറ്റിൽ കൂടെക്കൂടെ തിരുത്തലുകൾ വരുത്തി നൽകുന്നത് പല ക്രമക്കേടുകൾക്കും വഴിവെച്ചേക്കാമെന്നതിനാൽ 14/03/1984 ലെ ജി.ഒ (എം.എസ്) നമ്പർ 80/84/ജി.എ.ഡി പ്രകാരം തിരുത്തലുകൾ ഗസറ്റ് വിജ്ഞാപനം നടത്തി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിനൊപ്പം സൂക്ഷി ക്കുകയാണ് ചെയ്തു വരുന്നത്. |
| (ബി) ഇല്ലെങ്കിൽ മറ്റു രേഖകളിൽ എല്ലാം തന്നെ മാറ്റം വരുത്തിയ പേരുകൾ ആണെന്നിരിക്കെ എസ്.എസ്.എൽ.സി. ബുക്കിൽ മാത്രം പഴയ പേരായതിന്റെ ബുദ്ധിമുട്ട് പരിഗണിച്ച് പേര് മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ